# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം.

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: ശ്രീ. കെ. ബിജു ഐ.എ.എസ്)

നമ്പർ : എഫ്3/29688/11 തീയതി: 07.02.2012.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2011-12 വർഷത്തെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം:-1. ഈ കാര്യാലയത്തിലെ 5.1.12-ലെ ഇതേ നമ്പർ നടപടിക്രമം.

2. തിരുവനന്തപുരം ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കെ.എസ്.ഐ.റ്റിസി/ഇലക്ഷൻ/2012 നമ്പരായുള്ള 13.1.12-ലെ കത്ത്.

--------------------

പരാമർശ (1) വിധേയമായ ഉത്തരവു പ്രകാരം 2011-12 വർഷത്തെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിലിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് 13.1.12-ന് തിരുവനന്തപുരം ആർ.ഐ. സെന്ററിൽ വച്ചു നടത്തുകയും, തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പട്ടിക പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ ലഭിക്കുകയുമുണ്ടായി.

2011-12 വർഷത്തെ ട്രെയിനീസ് കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 2011-12 വർഷത്തെ കെ.എസ്. ഐ.റ്റി കൗൺസിൽ രൂപികരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. ചെയർമാൻ | ശ്രീ. എസ്. സജിത്ത് | ഗവ. ഐ.ടി.ഐ കായംകുളം |
| 2. വൈസ് ചെയർമാൻ | ശ്രീ. ഷാനുസലിം | ഗവ. ഐ.ടി.ഐ റാന്നി |
| 3. വൈസ് ചെയർ പേഴ്സൺ | കുമാരി രസന.ആർ | ഗവ. ഐ.ടി.ഐ (വനിത) കണ്ണൂർ |
| 4. ജനറൽ സെക്രട്ടറി | ശ്രീ. അബ്ദുൾ.എൻ. നസീബ് | ഗവ. ഐ.ടി.ഐ കട്ടപ്പന |
| 5. ജോയിന്റ് സെക്രട്ടറി | ശ്രീ. മഹേഷ് മോഹൻ | ഗവ. ഐ.ടി.ഐ പള്ളിയ്ക്കത്തോട് |

ശ്രീമതി. ആനിസ്റ്റെല്ലാ ഐസക് പ്രിൻസിപ്പാൾ ഐ.ടി.ഐ കട്ടപ്പനയെ 23.06.1982-ലെ ജി.ഒ.(ആർ.റ്റി) 662/82/തൊഴിൽ നമ്പരായുള്ള സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള ചട്ടങ്ങളിലെ 6(ഇ)6(എഫ്) എന്നിവ പ്രകാരം ഈ കൗൺസിലിന്റെ ട്രഷററായി നിയോഗിച്ച് ഉത്തരവാകുന്നു. ട്രഷറർ ചട്ടങ്ങളിലെ 7(ഇ) പ്രകാരം ചുമതലകൾ നിറവേറ്റണ്ടതാണ്. എഫ്3/25372/11 നമ്പരായുള്ള 18.1.2012-ലെ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കൗൺസിൽ അഡ്വൈസറായി നിയമിതനായിട്ടുള്ള മണിയൂർ ഐ.ടി.ഐ പ്രിൻസിപ്പാൾ ശ്രീ. കെ.വി. മുഹമ്മദ് ചട്ടം 7(എഫ്) പ്രകാരം തന്നിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റേണ്ടതാണ്. 2011-12 വർഷത്തെ കൗൺസിൽ ട്രഷററായിരുന്ന ശ്രീ. ഇ.എ. രാജപ്പൻ വരവു-ചെലവു കണക്കുകളും അനുബന്ധ രേഖകളും സ്റ്റാഫ് അഡ്വൈസറായിരുന്ന ശ്രീ. എം.എൻ. വിജയൻ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടും സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധ രേഖകളും പുതിയ കൗൺസിലിലെ ട്രെഷറർക്കും അഡ്വൈസർക്കും കൈമാറേണ്ടതാണ്.

ഒപ്പ്

ട്രെയിനിംഗ് ഡയറക്ടർ

പകർപ്പ്:-
1. എല്ലാ പ്രിൻസിപ്പാൾമാർക്കും.
2. എല്ലാ ഭാരവാഹികൾക്കും (പ്രിൻസിപ്പാൾ മുഖാന്തിരം)
3. ശ്രീമതി. ആനി സ്റ്റെല്ലാ ഐസക് (പ്രിൻസിപ്പാൾ ഐ.ടി.ഐ കട്ടപ്പന)
4. ശ്രീ. കെ.വി. മുഹമ്മദ് - (പ്രിൻസിപ്പാൾ ഐ.ടി.എ മണിയൂർ)
5. ശ്രീ. ഇ.എ. രാജപ്പൻ - പ്രിൻസിപ്പാൾ ഐ.ടി.ഐ അരീക്കോട്
6. എം.എൻ. വിജയൻ, പ്രിൻസിപ്പാൾ ഐ.ടി.ഐ ചേലക്കര.
7. CA to DT, ADT, JD(T), STI, SPIU, DD(SIC), DD(P), DD(T), DYSAA, F3 section (SF)

//ഉത്തരവിൻ പ്രകാരം//

ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ

M.r. 27/2

വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം - 14.

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ: കെ. ബിജു, ഐ.എ.എസ്സ്.)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് വിഭാഗം - കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിലിന് മാർഗ്ഗോപദേശം നൽകാനായി കൗൺസിൽ അഡ്വൈസറെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:- 1. തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ 18033/സി4/2011/എൽബിആർ. നമ്പരായുള്ള 27-8-2011-ലെ കത്ത്.
2. എഫ്3/25372/11 നമ്പരായുള്ള 18-1-2012 തീയതിയിലെ ഉത്തരവ്.
3. മണിയൂർ, ഐ.റ്റി.ഐ., പ്രിൻസിപ്പാളായ ശ്രീ. കെ.വി. മുഹമ്മദിന്റെ അപേക്ഷ.

-----

**ഉത്തരവ് നമ്പർ.എഫ്3/29688/2011. തീയതി, 16-2-2012**

പരാമർശ വിധേയമായ കത്ത് (1)-ന്റെ നിർദ്ദേശത്തിന്റെയും, 2010-11 വർഷത്തെ, കേരള ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിൽ നൽകിയ നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിലിന് മാർഗ്ഗനിർദ്ദേശം നൽകാനായി കൗൺസിൽ അഡ്വൈസർ എന്ന സ്ഥിരം പദവി സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത പദവിയിലേക്ക് ശ്രീ. കെ.വി. മുഹമ്മദിനെ നിയോഗിച്ചുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സൂചന (3) പ്രകാരമുള്ള ശ്രീ. കെ.വി. മുഹമ്മദിന്റെ അപേക്ഷ പ്രകാരം ടിയാനെ പ്രസ്തുത ചുമതലകളിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ടി കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മണിയൂർ, ഗവൺമെന്റ് ഐ.റ്റി.ഐ. പ്രിൻസിപ്പാൾ ആയ ശ്രീ. കെ..വി. മുഹമ്മദിന് പകരം അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ടായ ശ്രീ. എം.എസ്സ്. ഗണേശൻ പിള്ള-യെ കൗൺസിൽ അഡ്വൈസറായി നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

2012-ലെ കേരള സ്റ്റേറ്റ് ട്രെയിനീസ് കൗൺസിലിന്റെ രൂപീകരണം മുതൽ കൗൺസിൽ അഡ്വൈസർ പദവി നിലവിൽ വരുന്നതാണ്. ടിയാൻ ട്രെയിനീസ് കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും

നൽകുകയും കൗൺസിൽ നടത്തിപ്പിന്റെ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതും സാമൂഹിക പ്രതിബദ്ധതയും, സാങ്കേതിക പരിജ്ഞാനവും പൗരബോധവുമുള്ള ഒരു യുവജന കൂട്ടായ്മയ്ക്ക് വേണ്ടി പ്രയത്നിക്കേണ്ടതുമാണ്. അഡൈ്വസർ എന്ന നിലയിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം വകുപ്പദ്ധ്യക്ഷനെ അറിയിക്കേണ്ടതും നിലവിലുള്ള നിയമങ്ങളുടേയും വകുപ്പദ്ധ്യക്ഷന്റെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ കൗൺസിൽ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകേണ്ടതുമാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ.

ശ്രീ. എം.എസ്സ്. ഗണേശൻ പിള്ള,
അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട്,
ഐ.റ്റി.ഐ., ചാക്ക.

പ്രിൻസിപ്പാൾ,
ഐ.റ്റി.ഐ., ചാക്ക.

പകർപ്പ്:- 1. CA to DT/ADT/JD/JD പ്രാദേശിക കേന്ദ്രം./
DD(Training)/Dy SAA/ശ്രീ. കെ.വി. മുഹമ്മദ്, പ്രിൻസിപ്പാൾ,
ഐ.റ്റി.ഐ., മണിയൂർ/JS(F)/SF(F3)/ADT STI, SPIU.

//ഉത്തരവിൻ പ്രകാരം//

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.
B. SREEKUMAR
ADDL. DIRECTOR OF TRAINING

ഹ/21.2